# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെന്മണിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P10)/1037/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P10)/1037/2022. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 25-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 14-06-2022 | 17-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-06-2022 | 17-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സദാനന്ദൻ.പി.ജി, ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.കെ.സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോയ്സൻ.സി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല മനോഹരൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീ ടി എസ് ബൈജു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം വിജയലക്ഷ്മി | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ മനോജ് എ എസ് | അസി.സെക്രട്ടറി | 01-04-2020 | 27-02-2021 |
| ശ്രീ പി ജെ ജലീൽ | അസി.സെക്രട്ടറി | 27-02-2021 | 31-03-2021 |
| ശ്രീമതി സിന്ധു എം | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ഷീല വാസു | മെഡിക്കൽ ഓഫീസർ പിഎച്ച്സി | 01-04-2020 | 31-03-2021 |
| ഡോ.ലെസ്ലി വില്ലി എം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ | 01-04-2020 | 31-03-2021 |
| ഡോ.അജിത്ത് രാജ് ഇ എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.രഘു സി ബി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു കെ കെ | വി ഇ ഒ തലോർ സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു കെ | വി ഇ ഒ നെന്മണിക്കര സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി ജീന ലാസർ വി എൽ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ രവീന്ദ്രൻ ഇ എൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 14-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 14-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P.G.Sadanandan (Audit Officer, On 14-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: P.G.Sadanandan (Audit Officer, On 18-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 14-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 14-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-5 |
| 6 | ക്ഷേമ പെൻഷനുകൾ സംബന്ധിച്ച വിവരം<br>Written By: P.G.Sadanandan (Audit Officer, On 14-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.G.Sadanandan (Audit Officer, On 14-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: P.G.Sadanandan (Audit Officer, On 14-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 14-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 14-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-9 |
| 10 | വസ്തുനികുതി റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 1-10 |
| 11 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 1-11 |
| 12 | ലൈബ്രറി സെസ്സ്-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-12 |
| 13 | വസ്തുനികുതിയിനത്തിൽ മുൻകൂർ ലഭിച്ചതും സഞ്ചയ"സോഫ്റ്റ്വെയറിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 1-13 |
| 14 | ഡിമാന്റ് തുക യഥാസമയം രേഖപ്പെടുത്തുന്നില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 1-14 |
| 15 | വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് | 1-15 |

| | | |
|---|---|---|
| | കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | |
| 16 | "280000000-Prior Period Item" - വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-16 |
| 17 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തൽ - വൌച്ചർ, അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-17 |
| 18 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-18 |
| 19 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-19 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-20 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-21 |
| 22 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-22 |
| 23 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-23 |
| 24 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - വർക്ക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-24 |
| 25 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ ചേർത്തിട്ടില്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-25 |
| 26 | Capital Work In Progress-തുകയിൽ വ്യത്യാസം<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-26 |
| 27 | വായ്പ തിരിച്ചടവ് കൃത്യമല്ല<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-27 |
| 28 | Appropriation Control Register(ACR) എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Joyson (Auditor, On 21-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-28 |
| 29 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 -ൽ ക്ലോസിങ് സ്റ്റോക്ക് ഉൾപ്പെടുത്തിട്ടില്ല<br>Written By: Joyson (Auditor, On 21-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-29 |
| 30 | ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് | 1-30 |

| | | |
|---|---|---|
| | രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Joyson (Auditor, On 21-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | |
| 31 | മുൻകൂർ രജിസ്റ്റർ  എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Joyson (Auditor, On 21-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-31 |
| 32 | വാല്യുവേഷൻ നടത്തിയതിലും അധികമായി മണ്ണ് ലേലക്കാരന് നൽകി<br>Written By: Joyson (Auditor, On 19-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-32 |
| 33 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ വാല്യുവേഷൻ നൽകിയതിലും കുറഞ്ഞ വിലയിൽ മരങ്ങൾ ലേലം ചെയ്തു<br>Written By: Joyson (Auditor, On 18-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-33 |
| 34 | ഫ്ലഡ് സെസ്സ് ഈടാക്കിയിട്ടില്ല.<br>Written By: Joyson (Auditor, On 20-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-34 |
| 35 | വില്ലേജിൽ നിന്നുളള വാല്യുവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചു<br>Written By: Joyson (Auditor, On 18-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-35 |
| 36 | മുറിച്ചുമാറ്റിയ മരങ്ങൾ ലേലം നടത്തിയില്ല<br>Written By: Joyson (Auditor, On 18-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-36 |
| 37 | പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ രണ്ടാംഘട്ടം - ലഭിച്ച മണ്ണ് വെറുതെ നൽകി- പഞ്ചായത്തിന് നഷ്ടം.<br>Written By: Jeejo Job (Senior Grade Auditor, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-37 |
| 38 | ഡെപ്പോസിറ്റ് വർക്കുകളുടെയും ഐ.കെ.എം ന് നൽകിയ തുകയുടെയും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-38 |
| 39 | ആർജ്ജിതാവധി സറണ്ടർ മാറ്റി വെയ്ക്കപ്പെട്ട കാലയളവിൽ ആനുകൂല്യം അനുവദിച്ചു.<br>Written By: Jeejo Job (Senior Grade Auditor, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-39 |
| 40 | ടെക്നിക്കൽ അസിസ്റ്റന്റിന് കണക്കിലുള്ളതിൽ കൂടുതൽ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു<br>Written By: Jeejo Job (Senior Grade Auditor, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-40 |
| 41 | പത്ര പരസ്യം - സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Jeejo Job (Senior Grade Auditor, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-41 |
| 42 | വാങ്ങലുകൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-42 |
| 43 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-43 |
| 44 | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടവാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-44 |

| | | |
|---|---|---|
| 45 | ടെണ്ടർ ഫോം വില്പന, ഇ-ടെണ്ടർ എന്നിവ വഴി ലഭ്യമായ തുകയുടെ ജി എസ് ടി അടവാക്കാതെ അസി.എഞ്ചിനീയറുടെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-45 |
| 46 | അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യതിന്റെ വിവരം ലഭ്യമാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-46 |
| 47 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല - 159598 രൂപ നഷ്ടം<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-47 |
| 48 | ഇന്റേൺ ട്രെയിനിക്ക് വേതനം നൽകൽ - പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളം നല്കി<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-48 |
| 49 | പൊതുമരാമത്ത് പണികളുടെ നടത്തിപ്പിലെ അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 18-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-49 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല - 159598 രൂപ നഷ്ടം<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 14-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 17-06-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.G.Sadanandan (Audit Officer, On 17-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 01-07-2022) | 4-9 |
| 10 | തീർപ്പാക്കൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.03.2020 | 1 | 192738478 | 185993523 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.02.2021 | 2 | 187054275 | 186848301 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 27.05.2021 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,98,40,752 |
| വരവ് | 7,29,19,943 |
| ആകെ | 9,27,60,695 |
| ചെലവ് | 7,21,27,383 |
| നീക്കിയിരിപ്പ് | 2,06,33,312 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 15036206 | 15036206 | 13816521 | 1219685 |
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 7050413 | 7050413 | 7031734 | 18679 |
| വികസന ഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | 0 | 94000 | 94000 | 0 | 94000 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 9527000 | 9527000 | 9527000 | 0 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11514366 | 11514366 | 7646478 | 3867888 |
| സാക്ഷരത | 82142 | 2256 | 84398 | 0 | 84398 |
| ദുരിതാശ്വാസനിധി | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| TSC | 1735170 | 1901334 | 3636504 | 642786 | 2993718 |
| ICDS | 1365996 | 1420628 | 2786624 | 1525808 | 1260816 |
| കേരളോത്സവം | 5810 | 0 | 5810 | 0 | 5810 |
| വിമുക്തി | 12180 | 0 | 12180 | 0 | 12180 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ |
|---|---|---|---|---|---|---|

| | | (എണ്ണം) | | | | ശതമാനം |
|---|---|---|---|---|---|---|
| 235 | 83669361 | 153 | 53474612 | 40 | 42 | 63.91 |

## 1-6 ക്ഷേമ പെൻഷനുകൾ സംബന്ധിച്ച വിവരം

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 4503600 | 294 |
| വിധവാ പെൻഷൻ | 15599300 | 1030 |
| വാർദ്ധക്യകാല പെൻഷൻ | 25255800 | 1771 |
| വികലാംഗ പെൻഷൻ | 4218200 | 286 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1437500 | 99 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 980.9 | 697276.76 | 698257.66 | 694077.76 | 4179.9 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12738055 | 12738055 | 12738085 | 0 |

തൊഴിലുറപ്പ് പദ്ധതി വരവ്, ചെലവ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.2022 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10938/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വസ്തുനികുതി റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2283845 | 2265169 | 18491 | 3421 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2283845 | 2265169 | 0 | 3421 |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 20 തീ: 17-06-2022, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-11 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3261373 | 3126326 | 20885 | 129285 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3261373 | 3126326 | - | *129285 |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 20 തീ: 17/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 ലൈബ്രറി സെസ്സ്-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 116278 | 1907 | 118185 | 115247 | 1770 | 117017 | 1015 | | 174 | 47 | 187 |
| | നോൺ-റെസിഡൻഷ്യൽ | 168400 | 22689 | 191089 | 156955 | 7060 | 164015 | 1063 | | 6467 | 15166 | 21633 |
| | ആകെ | | | 309274 | | | 281032 | | | | 21820 | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | 344629 | | | 283015 | | | 346368 | | (21854) | |

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 20 തീ. 17/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 വസ്തുനികുതിയിനത്തിൽ മുൻകൂർ ലഭിച്ചതും സഞ്ചയ"സോഫ്റ്റ്‌വെയറിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2019-20 വർഷത്തെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | 2019-20 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 11248/- | 18491/- |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 405/- | 20885/- |

## 1-14 ഡിമാന്റ് തുക യഥാസമയം രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)}. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ 117 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 554218/- മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 283015/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 272202/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 346368/- രൂപയാണ്.

{വൌച്ചർ 42000198, 42000207, 42000209 (52000+129939+164429=346368/-)} (പട്ടിക 2.3 കാണുക )

## 1-16 "280000000-Prior Period Item" - വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി 20 തീ 17/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/03/2020 ലെ ലെഡ്ജർ ബാക്കി |
|---|---|

| | |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 4473/- |
| 280100104-Prior Period Income-Property Tax On Non Residential Buildings | 4473/- |
| 280100102-Prior Period Income-Professional Tax-Institution/ Professionals/Traders | (95730/-) |
| 280200101-Prior Period Income-Rent From Building | 3000/- |
| 280200402-Prior Period Income-Recovery Of Unutilised Grants | (1200) |

## 1-17 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തൽ - വൌച്ചർ, അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011, ചട്ടം 7). ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ ഉകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ ഉക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 20 തീ 17/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}

(ഓഡിറ്റ് എൻക്വയറി 20 തീ. 17/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-19 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ വരവ് ചെലവുകളും പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി 20 തീ 17/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 20 തീ 17/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 792560/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8017759/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-22 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 5297743/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-23 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 66500/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation 470745/- രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2021-22 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 20/17.6.22)

## 1-24 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - വർക്ക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. (ഓഡിറ്റ് എൻക്വയറി 20/17.6.22)

## 1-25 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ ചേർത്തിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി 20/17.6.22)

| | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450410102 | State Bank Of India | 1521847/- |

## 1-26 Capital Work In Progress-തുകയിൽ വ്യത്യാസം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 976594/-രൂപയാണ്. എന്നാൽ 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 10,35,199/- രൂപയാണ്. (ഓഡിറ്റ് എൻക്വയറി 20/17.6.22)

## 1-27 വായ്പ തിരിച്ചടവ് കൃത്യമല്ല

വായ്പ രജിസ്റ്ററും വാർഷിക ധനകാര്യപത്രികയിലെ തിരിച്ചടച്ച തുകയും പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 20/17.6.22).

## 1-28 Appropriation Control Register(ACR) എഴുതി സൂക്ഷിക്കുന്നില്ല

Appropriation Control Register (ACR) എഴുതി സൂക്ഷിക്കുന്നില്ല. ആയതുമൂലം B-4 Grants And Contribution For Specific Purpose ശീർഷകത്തിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

## 1-29 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 -ൽ ക്ലോസിങ് സ്റ്റോക്ക് ഉൾപ്പെടുത്തിട്ടില്ല

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 -ൽ ക്ലോസിങ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല.
2. സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ)}

## 1-30 ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. താഴെ പറയുന്ന ശീർഷകൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്രമ നം | ശീർഷകം | ഉദ്ദേശ്യം |
|---|---|---|
| 1 | 340200107 | Election Deposit |
| 2 | 340200102 | Auction Deposit |
| 3 | 340200199 | Other Deposit-Revenue |
| 4 | 340200101 | Rent Deposit |

ആയതിനാൽ മുകളിൽ പ്രസ്താവിച്ച ഡെപ്പോസിറ്റ് ശീർഷകങ്ങൾ കൃത്യമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-31 മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-32 വാല്യൂവേഷൻ നടത്തിയതിലും അധികമായി മണ്ണ് ലേലക്കാരന് നൽകി

1. ലേല നോട്ടീസ് നം.ബി 1307/20 തി. 10.6.20 പ്രകാരം മണലിപുഴയിൽ ഓടഞ്ചിറ ഷട്ടറിനടുത്ത് അടിഞ്ഞുകൂടിയ 2000 ഘനമീറ്റർ മണ്ണ് 12.6.20-ാം തിയ്യതിയിൽ 12,26,000/-രൂപയ്ക്ക് ലേലം നടത്തി. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ ഡി.എസ്.സി(2)208/20 തി.10.6.20 പ്രകാരം 2000 ഘനമീറ്റർ മണ്ണിന് 159.71/-രൂപ/ ഘന മീറ്റർ എന്ന നിരക്കിൽ വാല്യൂവേഷൻ 3,19,420/-രൂപയാണ് കണക്കാക്കിയിട്ടുള്ളത്. 12.6.20-ാം തിയ്യതിയിൽ നടന്ന ലേലത്തിൽ ശ്രീ.ദിലീഷ് എം, മാമ്പുള്ളി ഹൌസ്, പാഴായി എന്നവരാണ് ലേലം എടുത്തത്. സെക്രട്ടറിയുടെ

ഉത്തരവ് നം.ബി-1307/20 തി.15.6.20 പ്രകാരം ലേലക്കാരന് മണ്ണ് കൊണ്ടുപോകുന്നതിന് അനുമതി നൽകി. ജനകീയ സമിതിയുടെ 23.6.20-ാം തിയ്യതിയിലെ യോഗത്തിൽ 1600 ഘനമീറ്റർ മണ്ണ് കൊണ്ടുപോയപ്പോൾ തന്നെ മണ്ണ് തീർന്നുപോയെന്നും, 400ഘനമീറ്റർ മണ്ണ് വീണ്ടും പുഴയിൽ നിന്നെടുത്ത് ലേലക്കാരന് നൽകാൻ തീരുമാനിച്ചതായും കാണുന്നു. കമ്മിറ്റി തീരുമാനം നം.3(1) തി.26.6.20 പ്രകാരം പുഴയിൽ നിന്നും മണ്ണെടുത്ത് ലേലക്കാരന് നൽകുന്നതിന് തീരുമാനിച്ചു. പ്രൊജക്ട് നം.233/21- രണ്ടാംഘട്ട മണ്ണ് വാരൽ പദ്ധതി-പ്രകാരം 58,500/-രൂപ ചെലവഴിച്ച് പുഴയിൽ നിന്നും മണ്ണെടുത്ത് ലേലക്കാരന് മണ്ണ് നൽകി. ജില്ലാ മണ്ണ സംരക്ഷണ ഓഫീസർ 2000 ഘനമീറ്റർ മണ്ണെന്ന് വാല്യൂവേഷൻ സാക്ഷ്യപത്രം നൽകിയിട്ടുള്ളപ്പോൾ എന്തിനാണ് വീണ്ടും മണ്ണെടുത്ത് ലേലക്കാരന് നൽകിയത്. പുഴയിൽ അടിഞ്ഞുകൂടിയ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് മാത്രമാണ് ജില്ലാ കളക്ടർ അനുമതി നൽകിയിട്ടുള്ളത്. ഇപ്രകാരം പുഴ താഴ്ത്തി വീണ്ടും മണ്ണെടുത്ത് നൽകുന്നതിന് ജില്ലാ കളക്ടറുടെ ഉത്തരവ് ലഭ്യമായിട്ടില്ല. ഇങ്ങനെ ലഭിച്ച് മണ്ണിന്റെ അളവ് അസി.എഞ്ചിനീയർ എടുക്കുകയോ വാല്യൂവേഷൻ നടത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/17.6.22 നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മണ്ണ സംരക്ഷണ ഓഫീസർ 2000 ഘനമീറ്റർ മണ്ണെന്ന് വാല്യൂവേഷൻ സാക്ഷ്യപത്രം നൽകിയ മണ്ണ് കുറഞ്ഞു പോയെന്ന് പറഞ്ഞ് വീണ്ടും പുഴയുടെ ആഴം കൂട്ടി മണ്ണ് എടുത്തത് ലേലക്കാരന് നൽകിയത് ചട്ടപ്രകാരമുള്ള നടപടിയല്ലായെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. പുഴയുടെ ആഴം കൂട്ടി എടുത്ത മണ്ണിന്റെ അളവ് അസി.എഞ്ചിനീയർ എടുത്തിട്ടില്ല, അതുപോലെ മണ്ണിന്റെ വാല്യൂവേഷനും എടുത്തിട്ടില്ല. ആയതിനാൽ മണ്ണ് ലേല നടപടികൾ സംബന്ധിച്ച് ഉചിതമായ അന്വേഷണം നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

2. പുഴയിൽ നിന്നും വീണ്ടും മണ്ണെടുത്തപ്പോൾ മുളങ്കൂട്ടം വെട്ടുന്നതിനായി 23,400/-ചെലവഴിച്ചിട്ടുണ്ട്. ആയത് വാല്യൂവേഷൻ നടത്തി ലേലം ചെയ്യുതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/17.6.22 നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. ട്രീ കമ്മിറ്റി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ മുറിക്കുന്ന മരങ്ങൾ ചട്ടപ്രകാരം ലേലം നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 1-33 അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ വാല്യൂവേഷൻ നൽകിയതിലും കുറഞ്ഞ വിലയിൽ മരങ്ങൾ ലേലം ചെയ്തു

1. 2020-21 സാമ്പത്തിക വർഷത്തിൽ കുറുമാലി പുഴയിൽ നിന്നും നീക്കം ചെയ്ത് മരങ്ങൾ 2250/- രൂപയ്ക്ക് ലേലം ചെയ്തു. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ എസ്.എഫ്2-2143/20 തി.26.6.20 പ്രകാരം 52775/- രൂപയാണ് മരങ്ങളുടെ മൂല്യം കണക്കാക്കിയിട്ടുള്ളത്. മരത്തിന്റെ ലേലം 14.8.20, 14.12.20, 13.1.21 എന്നി തിയ്യതികളിൽ നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുക്കാത്തതുമൂലം മാറ്റി വച്ചു. 22.1.21-ാം തിയ്യതിയിൽ നടന്ന ലേലത്തിൽ സുജിത്ത് എന്നയാൾ 2250/- രൂപയ്ക്ക് ലേലം ഉറപ്പിച്ചു. ലേലം 2000/- രൂപയ്ക്കാണ് ആരംഭിച്ചത്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ആദ്യത്തെ ലേലവും രണ്ടാമത്തെ ലേലവും തമ്മിൽ 4 മാസത്തെ ഇടവേള കാണുന്നു. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യൂവേഷനെക്കാൾ കുറഞ്ഞ നിരക്കിൽ ലേലം ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/17.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കമ്മിറ്റി തീരുമാനം 8(1) തി.23.2.21 പ്രകാരം മരങ്ങൾ ജീർണ്ണാവസ്ഥയിലാണെന്നും, മോഷണം പോയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാലാണ് വാല്യൂവേഷനെക്കാൾ കുറഞ്ഞ നിരക്കിൽ ലേലം ഉറപ്പിക്കാൻ തീരുമാനം എടുത്തിട്ടുള്ളതെന്ന് കാണുന്നു. മരങ്ങൾ മോഷണം പോയതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/17.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യൂവേഷനെക്കാൾ കുറഞ്ഞ നിരക്കിൽ ലേലം ചെയ്യുന്നതിന് സർക്കാരിൽ നിന്നും അനുവാദമില്ലാതിരിക്കെ ലേലം ചെയ്തത് അംഗീകരിക്കാനാവാത്ത പ്രവണതയാണ്. മരങ്ങൾ സമയബന്ധിതമായി ലേലം ചെയ്തിട്ടില്ല. ആയതിനാൽ ലേല നടപടികൾ ചട്ടപ്രകാരം തന്നെ നിർവ്വഹിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിന്റെ മുന്നിൽ അപകടവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് 22.1.21-ാം തിയ്യതിയിൽ 10,200/- രൂപയ്ക്ക് ലേലം ചെയ്തു. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ എസ്.എഫ്2-2661/20 തി.11.9.20 പ്രകാരം 51,608/-രൂപയാണ് മരങ്ങളുടെ മൂല്യം കണക്കാക്കിയിട്ടുള്ളത്. മരത്തിന്റെ ലേലം 14.12.20,13.1.21 എന്നി തിയ്യതികളിൽ നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുക്കാത്തതുമൂലം മാറ്റി വച്ചു. 22.1.21-ാം തിയ്യതിയിൽ നടന്ന ലേലത്തിൽ മനോഹരൻ, കള്ളംകുളങ്ങര ഹൗസ്, ചിറ്റിശ്ശേരി എന്നയാൾ 10,200/- രൂപയ്ക്ക് ലേലം ഉറപ്പിച്ചു. ലേലം 6000/- രൂപയ്ക്കാണ് ആരംഭിച്ചത്. വാല്യൂവേഷൻ കിട്ടിയ തിയ്യതിയും ആദ്യത്തെ ലേലവും തമ്മിൽ 3 മാസത്തെ ഇടവേള കാണുന്നു. കമ്മിറ്റി തീരുമാനം 8(1) തി.23.2.21 പ്രകാരം ലേലം ഉറപ്പിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യൂവേഷനെക്കാൾ കുറഞ്ഞ നിരക്കിൽ ലേലം ചെയ്യാനുണ്ടായ കാരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/17.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യൂവേഷനെക്കാൾ കുറഞ്ഞ നിരക്കിൽ ലേലം ചെയ്യുന്നതിന് സർക്കാരിൽ നിന്നും അനുവാദമില്ലാതിരിക്കെ ലേലം ചെയ്തത് അംഗീകരിക്കാനാവാത്ത പ്രവണതയാണ്. മരങ്ങൾ സമയബന്ധിതമായി ലേലം ചെയ്തിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ലേല നടപടികൾ ചട്ടപ്രകാരം തന്നെ നിർവ്വഹിക്കേണ്ടതാണ്.

3. മുകളിൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് ലേലങ്ങളിലും ഫ്ലഡ് സെസ്സ് ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ ഫ്ലഡ് സെസ്സ് കൂടി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 ഫ്ലഡ് സെസ്സ് ഈടാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 21,27,000/- രൂപയുടെ മണ്ണ് ലേലം നടന്നിട്ടുണ്ട്. ലേല

നോട്ടീസുകളിൽ ജി.എസ്.ടി (5%) അടവാക്കണമെന്ന് മാത്രമാണ് പറഞ്ഞിട്ടുള്ളത്. ഫ്ലഡ് സെസ്സ് (1%) അടവാക്കുന്നതിനെപ്പറ്റി പറഞ്ഞിട്ടില്ല. മണ്ണ് ലേലം 2 തവണയായാണ് നടത്തിയിട്ടുള്ളത്. ആദ്യ ലേലത്തിൽ 600 ഘനമീറ്റർ മണ്ണ് 9,11,000/-രൂപയ്ക്കും, രണ്ടാമത്തെ ലേലത്തിൽ 2000 ഘനമീറ്റർ മണ്ണ് 12,26,000/-രൂപയ്ക്കും ലേലം ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ 21,37,000/- രൂപയുടെ മണ്ണ് ലേലം നടന്നിട്ടുണ്ട്. Deposit Register എഴുതി സൂക്ഷിക്കാത്തതുമൂലം രണ്ടാമത്തെ ലേലത്തിൽ ഡെപ്പോസിറ്റ് അടവാക്കിയത് ലേല തുകയായി മാറ്റിയത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടു ലേലങ്ങളിലും ഫ്ലഡ് സെസ്സ് (1%) ഈടാക്കിയിട്ടില്ല. ആയതിനാൽ 21,37,000/-രൂപയുടെ ഒരു ശതമാനം (21,370/-രൂപ) ലേലം എറ്റെടുത്തവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 18/17.6.22 )

## 1-35 വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചു

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)231/15/തസ്വഭവ തി.9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോൾ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെയാണ് താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| 1 | 14/389A | 180.89 ച.മീ | താമസം |
| 2 | XIV/272B | 568.24 ച.മീ | വാണിജ്യം |
| 3 | VIII/353A | 113.10 ച.മീ | താമസം |
| 4 | II/495A | 149.77 ച.മീ | വാണിജ്യം |

വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 14/17.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഏതാനും അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിടനമ്പർ അനുവദിച്ച എല്ലാ അപേക്ഷകളും വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-36 മുറിച്ചുമാറ്റിയ മരങ്ങൾ ലേലം നടത്തിയില്ല

1. വൗച്ചർ നം.22000543 തീ.17.9.20 പ്രകാരം മരം മുറിച്ചതിന് 3000/- രൂപ സനോജ്.കെ.വി എന്നയാൾക്ക് നൽകി. വാർഡ് 8 ൽ പടിഞ്ഞാറുമുറി പ്രദേശത്ത് പഞ്ചായത്ത് റോഡിന് സമീപത്തായി അപകടകരമായി നിന്നിരുന്ന മരം മുറിച്ച് മാറ്റിയതിനാണ് തുക നൽകിയത്. ഏതുതരം മരമാണ് ഇവിടെ മുറിച്ച് മാറ്റിയതെന്നും മരം ലേലം ചെയ്ത് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാനമുണ്ടോ എന്നും ഗ്രാമപഞ്ചായത്ത് ട്രീ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ എന്നും മരത്തിന്റെ വാല്യുവേഷൻ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 15/17.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ മരങ്ങൾ മുറിക്കുമ്പോൾ ആയത് ചട്ടപ്രകാരം ലേലം ചെയ്യാനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

2. വൗച്ചർ നം.22000114 തീ.21.5.20 പ്രകാരം 3500/- രൂപ – വാർഡ് 4 ലെ മണലി തുക്കർ റോഡിലെ പഞ്ഞിമരം കാറ്റത്ത് വീണത് മുറിച്ച് മാറ്റിയ ഇനത്തിൽ ചെലവഴിച്ചതായി കാണുന്നു. ഈ മരം ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 15/17.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-37 പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ രണ്ടാംഘട്ടം - ലഭിച്ച മണ്ണ് വെറുതെ നൽകി- പഞ്ചായത്തിന് നഷ്ടം.

2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ നദികളിലും നീർച്ചാലുകളിലും അടിഞ്ഞു കൂടിയ അവശിഷ്ടങ്ങൾ നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തിയിട്ടുള്ളതിനാൽ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്ത് സംഭരണശേഷി കൂട്ടുന്നതിനും നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിനും തുടർന്നുള്ള കാലവർഷങ്ങളിൽ പ്രളയസാധ്യത കുറയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ (പി) വകുപ്പിന്റെ 24.12.2019 തീയതിയിലെ ജി.ഒ.(ആർ.ടി)നം. 3880/2019/ആർ.ഡി. എന്ന ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും 04.03.2020, 11.03.2020 എന്നീ തീയതികളിലെ ജില്ലാ കളക്ടറുടെ ഡി.സി.ടി.എസ്.ആർ/454/202/എച്ച് 3 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിനായി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. മേൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് 26.05.2020 തീയതിയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിലെ തീരുമാനമനുസരിച്ച് നദി ശുചീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്ന തുക ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന "ഇനി ഞാൻ ഒഴുകട്ടെ" എന്ന പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറുന്നതാണെന്നും അറിയിച്ചു. യോഗത്തിലെ മറ്റ് പ്രധാന തീരുമാനങ്ങളായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും പരിസ്ഥിതി സംഘടനാ പ്രതിനിധികൾ, വികസന സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ, പുഴ ഒഴുകുന്ന ഭാഗത്തെ വാർഡ് മെമ്പർ, സന്നദ്ധ സംഘടനാ പ്രതിനിധി, വിവിധ കക്ഷി രാഷ്ട്രീയ പ്രതിനിധികൾ എന്നിവരടങ്ങുന്ന പഞ്ചായത്ത് തല സമിതി രൂപീകരിക്കണം. മണ്ണ്, മാലിന്യങ്ങൾ, അവശിഷ്ടങ്ങൾ എന്നിവ മാത്രം മാറ്റുന്നതിനും മണൽ വാരുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനുമായി അഞ്ചംഗ സമിതിയെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന

പ്രവൃത്തിയുടെ മോണിറ്ററിംഗിനായി പഞ്ചായത്ത് നിയോഗിക്കണം മുതലായവ കൈക്കൊണ്ടു.

നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ മണലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ 1,54,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് എക്സ്കവേറ്ററിന് 76 മണിക്കൂറിന് 1700/- രൂപ നിരക്കിൽ വിവിധ വൗച്ചറുകൾ പ്രകാരം 1,29,200/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ 29.05.2020 ലെ 2(1) നമ്പർ തീരുമാന പ്രകാരം നാല് ദിവസത്തെ പ്രവൃത്തിക്ക് ശേഷം ലഭിക്കുന്ന മണ്ണ് അളന്ന് തിട്ടപ്പെടുത്തി വില നിശ്ചയിച്ച് നൽകുന്നതിന് ജില്ലാ കളക്ടറോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ 01.06.2020 ലെ ഡി.എസ്.സി. (3) 208/20 നമ്പർ കത്ത് പ്രകാരം ഓടൻചിറ പ്രദേശത്തുള്ള ഏകദേശം മണ്ണ് 600 ഘന.മീറ്റർ ആണെന്നും ഒരു ഘനമീറ്ററിന് 159.71 രൂപ പ്രകാരം 95,826/- രൂപ വിലവരുമെന്നും അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 04.06.2020 ന് പരസ്യ ലേലം ചെയ്യുകയും 9,11,000/- രൂപയ്ക്ക് ശ്രീ.ഷാബു.വി.കെ, വട്ടപ്പിള്ളി എന്നയാൾ ലേലം കൊള്ളുകയും ചെയ്തു. പഞ്ചായത്ത് കമ്മറ്റിയുടെ 10.06.2020 ലെ തീരുമാന നമ്പർ 1(6) പ്രകാരം ലേലം അംഗീകരിക്കുകയും ചെയ്തു.

വീണ്ടും പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത് തുടരുന്നതിനാൽ പിന്നീട് ലഭിച്ച മണ്ണ് വില കണ്ടെത്തി നൽകുന്നതിനും ലേലം ചെയ്യുന്നതിന് അനുമതി നൽകുന്നതിനും 08/06/20 ലെ ബി-1307/2020 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ 10.06.2020 ലെ ഡി.എസ്.സി(2) 208/2020 നമ്പർ കത്ത് പ്രകാരം സ്ഥലം നേരിൽ പരിശോധിച്ചതിൽ മണ്ണ് 2000 ഘനമീറ്റർ ഉണ്ടെന്നും ഒരു ഘനമീറ്ററിന് 159.71 രൂപ നിരക്കിൽ മണ്ണിന്റെ വില 3,19,420/- രൂപയാണെന്നും അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 12.06.2020 ന് നടന്ന പരസ്യലേലത്തിൽ ശ്രീ.ദിലീഷ്, മാമ്പുള്ളി എന്നയാൾ 12,26,000/- രൂപയ്ക്ക് ലേലം കൊണ്ടു. ലേലം കൊണ്ട മണ്ണ് നീക്കം ചെയ്യുന്നതിന് സെക്രട്ടറിയുടെ 15/06/2020 ലെ ബി-1307/20 നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകി. പഞ്ചായത്ത് കമ്മറ്റിയുടെ 18/06/2020 ലെ 2(1) തീരുമാന പ്രകാരം ലേലം കൊണ്ടവർ മണ്ണ് കൊണ്ട് പോകുന്നത് നിരീക്ഷിക്കാൻ പഞ്ചായത്ത് ജീവനക്കാരെ മുഴുവൻ സമയവും നിയോഗിക്കാൻ സാധ്യമല്ലാത്തതിനാൽ ശ്രീമതി.തുളസി, ശ്രീമതി.ശ്രുഷ്കാന്തി എന്നീ വ്യക്തികളെ 16/06/2020 മുതൽ ചുമതലപ്പെടുത്തിയ സെക്രട്ടറിയുടെ നടപടി അംഗീകരിക്കുന്നതിനും ആയതിന് പ്രതിദിനം ഓരോരുത്തർക്കും 500/- രൂപ വീതം തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു. ടി വ്യക്തികൾ ദിനം പ്രതിയുള്ള മണ്ണ് കൊണ്ടു പോകുന്ന ലോഡുകളുടെ വിവരങ്ങൾ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുകയും ആയതനുസരിച്ച് 320 ലോഡ് (1600 ഘന.മീറ്റർ) കൊണ്ടു പോയപ്പോൾത്തന്നെ കൂട്ടിയിട്ട മണ്ണ് കഴിഞ്ഞുവെന്നും ആയതിനാൽ വാല്യവേഷനിൽ സാക്ഷ്യപ്പെടുത്തിയത് പ്രകാരമുള്ള 2000 ഘന.മീറ്റർ ഇല്ലാത്തതിനാൽ പുഴയുടെ വാട്ടർ ലെവലിന് മുകളിൽ 45 സെ.മീ ഉയരത്തിൽ കൂടി മണ്ണ് നിൽക്കുന്നത് നീക്കം ചെയ്യുന്നതിനും പുഴയുടെ സമീപത്തെ മുളങ്കൂട്ടം നീക്കം ചെയ്യുന്നത് വെള്ളം നേരേ ഒഴുകുന്നതിന് ആവശ്യമാണെന്നും ആ ഭാഗത്തെ മണ്ണ് കൂടി നീക്കം ചെയ്യാവുന്നതാണെന്നും ലേല പ്രകാരമുള്ള ബാക്കി മണ്ണ് അവർക്ക് അനുവദിക്കണമെന്നുമുള്ള ജനകീയ സമിതി തീരുമാനം സെക്രട്ടറിയുടെ 23/06/2020 ലെ ബി-1307/2020 നമ്പർ കത്ത് പ്രകാരം കളക്ടറെ അറിയിക്കുകയും ചെയ്തു.

പഞ്ചായത്ത് കമ്മറ്റിയുടെ 26.06.2020 ലെ 3(1) നമ്പർ തീരുമാന പ്രകാരം "ബഹു. ജില്ലാ കളക്ടറുടെ 28/05/20 ലെ ഡി.സി.ടി.എസ്.ആർ /454/2020 എച്ച3 നം. ഉത്തരവ് അനുസരിച്ച് ഓടഞ്ചിറ ഷട്ടറിനടുത്ത് കൂട്ടിയിട്ടിരുന്ന മണ്ണ് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ 10/06/20 ലെ DSC(2)208/2020 നം കത്ത് പ്രകാരം 2000 ഘന മീറ്റർ 12/06/2020 ന് പരസ്യലേലം ചെയ്തിരുന്നു. എന്നാൽ ലേലം കൊണ്ടവർ ടി മണ്ണ് നീക്കം ചെയ്തപ്പോൾ ഏകദേശം 1600 ഘന മീറ്റർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ 23/06/2020 ലെ ജനകീയ കമ്മിറ്റി തീരുമാനപ്രകാരം ടി സ്ഥലത്ത് പുഴയിൽ വാട്ടർലെവലിന് മുകളിൽ 45 സെ. മീ കൂടി ഉണ്ടായിരുന്ന മണ്ണ് കൂടി നീക്കി കൂട്ടിയിടുന്നതിനും ലേല പ്രകാരം ബാക്കിയുള്ള മണ്ണ് കൂടി നൽകുന്നതിനും 27/06/2020, 29/06/2020 തിയതികളിൽ അത് നീക്കം ചെയ്യുന്നതിനും അനുമതി നൽകിയ സെക്രട്ടറിയുടെ നടപടി യോഗം അംഗീകരിച്ചു. മണ്ണ് നീക്കി കൂട്ടിയിടുന്ന പ്രവൃത്തി 24/06/2020, 25/06/20 എന്നീ തിയതികളിലും തുടർന്ന് ടി സ്ഥലത്ത് പുഴയിൽ വളർന്ന നിന്നിരുന്ന മുളങ്കൂട്ടം നീക്കം ചെയ്യുന്ന പ്രവൃത്തിയും പുഴയിൽ വീണ് കിടന്നിരുന്ന വലിയ മുളങ്കൂട്ടം ഹിറ്റാച്ചി ഉപയോഗിച്ച് മാറ്റുന്ന പ്രവൃത്തിയും ചെയ്യുന്നതിനും ബാക്കി വരുന്ന മണ്ണ് പുഴയോരത്ത് റോഡിനോട് ചേർന്ന് വശങ്ങൾ ബലപ്പെടുത്തുന്നതിന് ഉപയോഗിക്കുന്നതിനും തീരുമാനിച്ചു. ഇതിനാവശ്യമായ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനും പിന്നീട് ജലപ്രയാണം-2020 പദ്ധതിയിൽ ക്രമീകരിക്കുന്നതിനും യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു."

തുടർന്ന് മേൽ തീരുമാന പ്രകാരം രണ്ടാം ഘട്ടം മണ്ണ് നീക്കുന്നതിന് ഹിറ്റാച്ചി വാടകയ്ക്ക് 58,560/- രൂപയും (വൗച്ചർ നം. 22000268/09 /07/2020), മണ്ണ് നീക്കം ചെയ്യുന്നത് നിരീക്ഷിക്കുന്നതിന് വേതനം നൽകിയ വകയിൽ 7000/- രൂപയും (വൗച്ചർ നം. 22000232, 233/01.07.2020) നൽകിയിട്ടുണ്ട്.

എന്നാൽ രണ്ടാം ഘട്ടത്തിൽ എത്ര മണ്ണ് നീക്കം ചെയ്തുവെന്നതിന്റെ വാല്വേഷൻ വിവരങ്ങൾ ഫയലിൽ ഇല്ല.

പ്രളയാവശിഷ്ടങ്ങൾ നീക്കുന്ന പ്രവൃത്തിക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 2,56,471/- രൂപയ്ക്ക് പ്രൊജക്ട് നമ്പർ 233/21- മണലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രൊജക്ട് - ജലപ്രയാണം 2020 എന്ന പ്രൊജക്ട് മുഖേന ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാക്കിയിട്ടുണ്ട്.

മണലിപ്പുഴയിൽ നിന്നും പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ 10.06.2020ലെ ഡി.എസ്.സി.(2) 208/20 നമ്പർ കത്ത് പ്രകാരം കൂട്ടിയിട്ട മണ്ണിന് 3,19,420/- രൂപ വില നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയത് ലേലക്കാരൻ നേരിൽ കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലായിരിക്കും സ്വാഭാവികമായും ലേലം കൊള്ളുക എന്നതിനാൽ ലേലം നൽകിയതിന് ശേഷം പഞ്ചായത്തിന് ആയതിന്റെ യഥാർത്ഥ അളവ് ഉറപ്പ് വരുത്താൻ യാതൊരു ബാധ്യതയും ഇല്ലാത്തതാണ്. ലേലക്കാരന് 2000 ഘന.മീറ്റർ മണ്ണ് നൽകിക്കൊള്ളാം എന്ന് പഞ്ചായത്തും ലേലക്കാരനുമായി യാതൊരു കരാറും ഇല്ല. മാത്രമല്ല ലേലം കൊണ്ടത് ഒരു ഘനമീറ്ററിന് തുക നിശ്ചയിച്ചല്ല മറിച്ച് കൂട്ടിയിട്ട മുഴുവൻ മണ്ണിനും ആണ്. ആയതിനാൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ വാല്വേഷനിൽ പറഞ്ഞ പ്രകാരം 2000 ഘന മീറ്റർ മണ്ണ് ഇല്ലായിരുന്നു എന്നത് അപ്രസക്തമാണ്. ലേലക്കാരൻ പോലും ഈ വാദം ഉന്നയിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

2. പ്രളയമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ചേർന്ന 26.05.2020 ലെ കളക്ടറുടെ യോഗത്തിലെ തീരുമാന പ്രകാരം മണ്ണ്, മാലിന്യങ്ങൾ അവശിഷ്ടങ്ങൾ എന്നിവ മാത്രം മാറ്റുന്നതിനും മണൽ വാരുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനുമായി അഞ്ചംഗ സമിതിയെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ മോണിറ്ററിംഗിനായി പഞ്ചായത്ത് നിയോഗിക്കണം. ആയതിന് വിരുദ്ധമായി രണ്ട്

സ്വകാര്യ വ്യക്തികളെ മണ്ണ് നീക്കം ചെയ്യുന്നത് നിരീക്ഷിക്കാൻ ഏർപ്പാടു ചെയ്യുകയും അവർക്ക് തനത് ഫണ്ടിൽ നിന്ന് 3500/- രൂപ വീതം വേതനം അനുവദിക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാല്വേഷന് വിരുദ്ധമായി കൂട്ടിയിട്ട മണ്ണ് 1600 ഘന മീറ്റർ മാത്രമേ ഉള്ളൂവെന്ന് നിഗമനത്തിൽ എത്തിയതും അംഗീകരിക്കത്തക്കതല്ല. പഞ്ചായത്തിന്റെ ഈ അനാവശ്യനടപടി മൂലം രണ്ടാം ഘട്ടം പുഴയിൽ നിന്ന് മണ്ണ് എടുത്ത് അത് ലേലക്കാർക്ക് വെറുതെ നൽകേണ്ടി വന്നു.

രണ്ടാംഘട്ടം മണ്ണ് എടുത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.18/17.06.22) നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിന് അംഗീകരിക്കാനാകുന്ന മറുപടി നൽകുന്നത് വരെ രണ്ടാം ഘട്ടം മണ്ണ് എടുത്തതിന് ചെലവഴിച്ച 65,560/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മണ്ണ് ലേല നടപടികൾ സംബന്ധിച്ച് ഉചിതമായ അന്വേഷണം നടത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-38 ഡെപ്പോസിറ്റ് വർക്കുകളുടെയും ഐ.കെ.എം ന് നൽകിയ തുകയുടെയും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേരും നമ്പരും | ഫണ്ടിനം | തുക | വൗച്ചർ നമ്പർ / തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ - 82/21 | ധനകാര്യ കമ്മീഷൻ അവാർഡ് | 2,21,408 | 22001197/26.02.21 | കെ.എസ്.ഇ.ബി. |
| 2 | ഗതാഗത തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-81/21 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 55,721 | 22001187/26.02.21 | കെ.എസ്.ഇ.ബി. |
| 3 | ഐ.കെ.എം. സാങ്കേതിക സഹായത്തിനുള്ള ഫീസ്- 4/21 | വികസന ഫണ്ട്-പൊതുവിഭാഗം | 59,148 | 22000414/10.07.20 | ഐ.കെ.എം. |
| 4 | കുടിവെള്ള കണക്ഷൻ ദീർഘിപ്പിക്കൽ - 83/21 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4,00,000 | 22001340/29.03.21 | കേരള വാട്ടർ അതോറിറ്റി |
| 5 | ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതി-276/21 | വികസന ഫണ്ട്-പൊതുവിഭാഗം | 1,50,000/- | 22001199/26.02.21 | കേരള വാട്ടർ അതോറിറ്റി |
| 6 | വിവിധ അംഗൻവാടികളിലേക്ക് കുഴൽകിണർ നിർമ്മിക്കൽ- 150/21 | ധനകാര്യ കമ്മീഷൻ അവാർഡ് | 1,50,000/- | 22001209/04.03.21 | ഭൂജല വകുപ്പ് |
| 7 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ - 173/21 | ജില്ലാ പഞ്ചായത്ത് വിഹിതം | 25,931/- | 22000757/15.05.20 | കെ.എസ്.ഇ.ബി., പുതുക്കാട് |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി അതത് നിർവ്വഹണ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രം തുക ഡെപ്പോസിറ്റ് നടത്തേണ്ടതാണ്. മേൽ പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രങ്ങളും ധനവിനിയോഗ സാക്ഷ്യപത്രങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 02/15.06.22)

## 1-39 ആർജ്ജിതാവധി സറണ്ടർ മാറ്റി വെയ്ക്കപ്പെട്ട കാലയളവിൽ ആനുകൂല്യം അനുവദിച്ചു.

ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം (പ്രൊജക്ട് നമ്പർ - 03/21) എന്ന പ്രൊജക്ട് മുഖേന ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ.അനീഷ് ഗോപിക്ക് 2020-21 വർഷത്തിൽ 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ആയി 20,256/- രൂപ അനുവദിച്ചിട്ടുണ്ട് (ചെക്ക് നമ്പർ- 5385708/15.07.20, വൗച്ചർ നമ്പർ - 22000286/16.07.20). എന്നാൽ സ.ഉ.(പി)നം. 42/2020/ധന തീയതി 16.04.2020 പ്രകാരം താത്ക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 3 മാസത്തേക്ക് മാറ്റിവെച്ചിട്ടുണ്ട്. സ.ഉ.(പി.)നം.43/2020/ധന തീയതി 17.04.2020 പ്രകാരം ഈ ഉത്തരവ് എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾക്കും, ക്ഷേമ നിധി ബോർഡുകൾക്കും ബാധകമാക്കിയിട്ടുള്ളതാണ്. തുടർന്ന്, സ.ഉ.(പി)നം. 94/2020/ധന തീയതി. 17.07.2020 പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം 15.11.2020 വരെ മാറ്റിവെക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി ജീവനക്കാരന് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 08/16.06.2022) മറുപടി നൽകിയില്ല. ആർജ്ജിതാവധി സറണ്ടർ മാറ്റിവെയ്ക്കപ്പെട്ട കാലയളവിൽ ടെക്നിക്കൽ അസിസ്റ്റന്റിന് ആനുകൂല്യം അനുവദിക്കുന്നതിന് പ്രത്യേകമായി സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം ആർജ്ജിതാവധി സറണ്ടർ ആയി അനുവദിച്ച 20,256/- തിരിച്ചടച്ച് ആർജ്ജിതാവധി ക്രമീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അംഗീകരിക്കത്തക്ക മറുപടി ലഭ്യമാകുന്നത് വരെ

20,256/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 ടെക്നിക്കൽ അസിസ്റ്റന്റിന് കണക്കിലുള്ളതിൽ കൂടുതൽ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു

ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം (പ്രൊജക്ട് നമ്പർ - 03/21) എന്ന പ്രൊജക്ട് മുഖേന ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ.അനീഷ് ഗോപിക്ക് 2020-21 വർഷത്തിൽ 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ആയി 20,256/- രൂപ അനുവദിച്ചിട്ടുണ്ട് (ചെക്ക് നമ്പർ- 5385708/15.07.20, വൗച്ചർ നമ്പർ - 22000286/16.07.20).

ശ്രീ.അനീഷ് ഗോപി, ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവന പുസ്തക പ്രകാരം ടിയാൻ ആദ്യമായി കരാർ നിയമനം വഴി ജോലിയിൽ പ്രവേശിച്ചത് 24/08/2013 നാണ്. സേവനപുസ്തക പ്രകാരം 2014-15 വർഷം മുതൽ 2020-21 വരെ എല്ലാ വർഷവും 20 ദിവസം വീതം ടിയാന് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. (സേവനപുസ്തകത്തിലെ ആർജ്ജിതാവധി അക്കൗണ്ടിൽ യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല.)

പരിമിതമായ കാലയളവുകളിലേയ്ക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ അവധി സംബന്ധിച്ച ചട്ടങ്ങൾ, കേരള സർവ്വീസ് റൂൾസ് ഭാഗം-1, അനുബന്ധം-VIII, ചട്ടം-1പ്രകാരം ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഒരു വർഷം ആർജ്ജിക്കാവുന്ന പരമാവധി ആർജ്ജിതാവധി 15 ദിവസമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ടി ചട്ടപ്രകാരം 15 ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 അവധി എന്ന പരിധിയ്ക്ക് വിധേയമായി ആർജ്ജിതാവധിക്ക് അർഹതയുണ്ടെന്നും ഇത്തരത്തിൽ ആർജ്ജിക്കുന്ന അവധിയിൽ നിന്നും അവധി വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കുറച്ച് ബാക്കി ഒരു ധനകാര്യവർഷം 30 ൽ കവിയാതെ ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 05.01.2018 ലെ തസ്വഭവ.-ഐ.ബി.1/344/2016/തസ്വഭവ കത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ ചട്ടപ്രകാരം ഒരു വർഷം പരമാവധി ആർജ്ജിക്കാവുന്ന പരമാവധി ആർജ്ജിതാവധി 15 ദിവസം മാത്രമായിരിക്കെ 2014-15 മുതൽ 2020-21 വരെ എല്ലാ വർഷവും 20 ദിവസം വീതം ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ആർജ്ജിച്ച ലീവുകൾ | സറണ്ടർ ചെയ്ത ലീവുകൾ | സറണ്ടർ ചെയ്ത ശേഷം നീക്കിയിരിപ്പുള്ള ലീവുകൾ |
|---|---|---|---|
| 2013-14 | 14 10/15 | - | 14 10/15 |
| 2014-15 | 15 | 20 | 9 10/15 |
| 2015-16 | 15 | 20 | 4 10/15 |
| 2016-17 | 15 | 20 | (-) 5/15 |
| 2017-18 | 15 | 20 | (-) 10 5/15 |
| 2018-19 | 15 | 20 | (-)15 5/15 |
| 2019-20 | 15 | 20 | (-) 20 5/15 |
| 2020-21 | 15 | 20 | (-) 25 5/15 |

ശ്രീ.അനീഷ് ഗോപിയ്ക്ക് മേൽ പട്ടികയിൽ വിവരിച്ചപ്രകാരം ആർജ്ജിതാവധി കണക്കുപ്രകാരം ബാലൻസ് ഇല്ലാതെ 25 5/15 ആർജ്ജിതാവധികളുടെ സറണ്ടർ അധികം അനുവദിച്ചിട്ടുണ്ട്. ലീവ് അക്കൗണ്ട് മേൽ പരാമർശിച്ച ചട്ടപ്രകാരം ക്രമീകരിക്കേണ്ടതും അധികമനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 08/16.06.22)

## 1-41 പത്ര പരസ്യം - സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ പദ്ധതി രൂപീകരണം, മോണിറ്ററിംഗ് (പ്രൊജക്ട് നമ്പർ-2/21) എന്ന പ്രൊജക്ട് മുഖേന പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക | പത്രം |
|---|---|---|---|
| 1 | 21900296/22.07.2020 | 6,634 | ദേശാഭിമാനി |
| 2 | 22000297/22.07.2020 | 16,464 | ദേശാഭിമാനി |
| 3 | 22000649/06.11.2020 | 11,917 | മാതൃഭൂമി |
| 4 | 22000650/06.11.2020 | 31,164 | ദേശാഭിമാനി |
| | ആകെ | 66,179 | |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (09/16.06.20222) ന് സർക്കാർ ഉത്തരവ് പ്രകാരമുള്ള 15% ഡിസ്കൗണ്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് 2021-22 വർഷം മുതൽ ദേശാഭിമാനി പത്രം ആയത് അനുവദിക്കുന്നുണ്ടെന്നും മുൻവർഷങ്ങളിൽ നൽകിയ തുക തിരികെ അഡ്ജസ്റ്റ് ചെയ്യാൻ സാധ്യതയില്ലെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പത്രപരസ്യ ചാർജ്ജിനത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചു കിട്ടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-42 വാങ്ങലുകൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകൽ (160/21) (സ്പിൽ ഓവർ) എന്ന പ്രൊജക്ട് മുഖേന 500 ലിറ്റർ പി.വി.സി. വാട്ടർ ടാങ്ക് ഒന്നിന് 2800/- രൂപ വീതം 24 ഗുണഭോക്താക്കൾക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ടിനായി എസ്.സി.പി ഫണ്ടിൽ നിന്നും 50,400/- രൂപയും സ്ഥാപനത്തിൽ അടയ്ക്കുന്ന ഗുണഭോക്തൃവിഹിതമായി 16,800/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

ക്വട്ടേഷൻ മുഖേന തെരഞ്ഞെടുത്ത വിക്ടോറിയ പോളിഫോം എന്ന സ്ഥാപനത്തിൽ നിന്നാണ് വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുള്ളത്. സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/- രൂപയ്ക്ക് മുകളിലുള്ളതും Goverment E-Market (GeM) ൽ ലഭ്യമായിട്ടുള്ളതുമായ എല്ലാ സാധനങ്ങളും സേവനങ്ങളും GeMൽ നിന്ന് വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സർക്കുലർ നം. എസ്.പി.ഡി.-എ2/61/2021-എസ്.പി.ഡി. തീയതി. 25.11.2021 പ്രകാരം GeM മുഖേനയുള്ള വാങ്ങലിൽ സർക്കാർ നിർദ്ദേശങ്ങളും GeM പോർട്ടലിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണെന്നും മറ്റ് മാർഗ്ഗത്തിലൂടെയുള്ള വാങ്ങൽ നടത്തുന്നതിന് മുൻപായി GeMൽ ലഭ്യമായിട്ടുള്ള എല്ലാ വാങ്ങൽ മാർഗ്ഗങ്ങളും പരിശോധിച്ചുവെന്ന് ഉറപ്പ് വരുത്തുകയും വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ വാങ്ങലിൽ സർക്കാർ നിർദ്ദേശ പ്രകാരം GeM ൽ നിന്ന് വാങ്ങുന്ന സാധ്യത പരിഗണിച്ചിരുന്നോ എന്നും വിലകൾ താരതമ്യം ചെയ്തിട്ടുണ്ടോ എന്നതും സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം.12/17.06.2022). വാങ്ങലുകൾ സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ലഭ്യമായ ഏറ്റവും കുറവ് വിലയിൽ ഗുണമേന്മയുള്ള വസ്തുക്കളാണ് വാങ്ങുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-43 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| പ്രൊജക്ടിന്റെ പേരും നമ്പരും | തുക | വൗച്ചർ നമ്പർ / തീയതി |
|---|---|---|
| കന്നുകുട്ടി പരിപാലന പദ്ധതി - 86/21 | 1,50,000 | 22001094/28.12.2020 |

വെറ്ററിനറി സർജ്ജൻ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ടിൽ 12 ഗുണഭോക്താക്കൾക്ക് 12500/- രൂപ വീതം 1,50,000/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-44 ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടവാക്കേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക നിർവ്വഹണ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കേണ്ടതും സഞ്ചിത നിധിയിൽ അടവാക്കേണ്ടതുമാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേരും നമ്പരും | ഫണ്ടിനം | നിർവ്വഹണ ഏജൻസി | അടവാക്കിയ തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ഉപയോഗിച്ച തുക | ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | തണൽ കോംപ്ലക്സിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് - 267/21 | ധനകാര്യ കമ്മീഷൻഅവാർഡ് | ഭൂജല വകുപ്പ് | 53,000/- | 29,425/- | 23,575 |
| 2 | കുടിവെള്ള കണക്ഷൻ ദീർഘിപ്പിക്കൽ- 174/21 | ധനകാര്യ കമ്മീഷൻ അവാർഡ് | കേരള വാട്ടർ അതോറിറ്റി | 96,000/- | 42,513/- | 53,487 |
| 3 | വാർഡ് 13 ലെ എ.കെ.ജി റോഡിലേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി (കുടിവെള്ള കണക്ഷൻ ദീർഘിപ്പിക്കൽ- 174/21 എന്ന സ്പിൽ ഓവർ പദ്ധതിയുടെ 2019-20 വർഷത്തെ | ധനകാര്യ കമ്മീഷൻ അവാർഡ് | കേരള വാട്ടർ അതോറിറ്റി | 75,000/- | 71,467/- | 3,533 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രൊജക്ടിൽ ഉൾപ്പെടുത്തി ചെലവഴിച്ചത്) | | | | | |
| 4 | പാലിയേക്കര പാടം റോഡിലേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തിയും വാർഡ് 15 ലെ അംഗൻവാടിക്ക് സമീപം പൊതുടാപ്പ് മാറ്റിവെക്കൽ (കുടിവെള്ള കണക്ഷൻ ദീർഘിപ്പിക്കൽ- 174/21 എന്ന സ്പിൽ ഓവർ പദ്ധതിയുടെ 2019-20 വർഷത്തെ പ്രൊജക്ടിൽ ഉൾപ്പെടുത്തി ചെലവഴിച്ചത്) | ധനകാര്യ കമ്മീഷൻ അവാർഡ് | കേരള വാട്ടർ അതോറിറ്റി | 29,000/- | 26,094/- | 2,906 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (02/15.06.2022) മറുപടിയായി ഈയിനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും 60,593/- രൂപ രസീത് നമ്പർ 121030500055/27.01.2022 പ്രകാരം തിരികെ ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ തുക പിൻവലിച്ച ശീർഷകങ്ങളിൽ സഞ്ചിത നിധിയിൽ തിരിച്ചടവാക്കേണ്ടതാണ്. ഭൂജല വകുപ്പിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയും തിരികെ ലഭ്യമാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 ടെണ്ടർ ഫോം വില്പന, ഇ-ടെണ്ടർ എന്നിവ വഴി ലഭ്യമായ തുകയുടെ ജി എസ് ടി അടവാക്കാതെ അസി.എഞ്ചിനീയറുടെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ പുതുക്കാട് ബ്രാഞ്ചിലെ അക്കൌണ്ട് നമ്പർ 371222529501 പ്രകാരമുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 15.6.2022 തീയതിയിൽ 21646 രൂപ ബാലൻസ് ഉള്ളതായി കണ്ടു. ഇതു സംബന്ധിച്ച് അന്വേഷിച്ചതിൽ ടി തുക ടെണ്ടർ ഫോം വില്പന, ഇ-ടെണ്ടർ ഫീ എന്നിവ വഴി ലഭിച്ച ജി.എസ്.ടിയാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് ടെണ്ടർ ഫോം വില്പന വഴി ലഭിച്ച ജി.എസ്.ടി ഒഴികെയുള്ള തുക മാത്രമാണ് സ്വീകരിച്ചത് എന്നും സെക്രട്ടറിയുടെ ജി.എസ്.ടി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തതിനാൽ ജി.എസ്.ടി അടവാക്കാൻ കഴിയുന്നില്ല എന്നുമാണ് അറിയിച്ചത്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ജി.എസ്.ടി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനുണ്ടായ സാഹചര്യം എന്തായിരുന്നു എന്നും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് കൊടുത്തിട്ടുള്ള റൂമുകളുടെ വാടകയോടൊപ്പവും ലേലം മുതലായ മറ്റ് വരവുകളോടൊപ്പവും ലഭിക്കുന്ന ജി.എസ്.ടി തുക സർക്കാരിലേക്ക് അടവാക്കുന്നതിന് ജി.എസ്.ടി രജിസ്ട്രേഷന്റെ അഭാവത്തിൽ എന്ത് സംവിധാനമാണ് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളത് എന്നും ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 13/17.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ജി.എസ്.ടി തുക സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-46 അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച താഴെ പറയുന്ന അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരങ്ങൾ ഓഡിറ്റിൽ ഹാജാക്കിയിട്ടില്ല.

| ക്രമ നം. | വൌച്ചർ നമ്പർ/തീയതി | അഡ്വാൻസിന്റെ വിവരം | തുക |
|---|---|---|---|
| 1 | 22000073/6.5.2020 | മഴക്കാലപൂർവ്വ ശുചീകരണം വാർഡ് തല ശുചിത്വ കമ്മിറ്റികൾക്ക് അനുവദിച്ചത് (12 X 10000) | 120000 |

| | | | |
|---|---|---|---|
| 2 | 22000211/22.6.2020 | കോവിഡ് - മരുന്ന് വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർക്ക് (FHC) നൽകിയത് | 70250 |
| 3 | 22000268/9.7.2020 | കെ.കെ.ജോൺസൺ - മണലിപ്പുഴ മണ്ണ് നീക്കം ചെയ്യൽ | 58560 |
| 4 | 22000269/9.7.2020 | വി.എസ്.സുജിത്ത് - മണലിപ്പുഴ മരങ്ങൾ നീക്കം ചെയ്യൽ | 23400 |
| 5 | 22000637/2.11.2020 | മഴക്കാലപൂർവ്വ ശുചീകരണം വാർഡ് തല ശുചിത്വ കമ്മിറ്റികൾക്ക് അനുവദിച്ചത് | 60000 |
| 6 | 22000648/4.11.2020 | മെഡിക്കൽ ഓഫീസർക്ക് (FHC) നൽകിയത് കണ്ടിജന്റ് ചിലവുകൾ | 125000 |
| 7 | 22000935/5.2.2021 | മെഡിക്കൽ ഓഫീസർക്ക് (FHC) നൽകിയത് കണ്ടിജന്റ് ചിലവുകൾ | 50000 |
| 8 | 220000170/12.6.2020 | മാസ്ക് നിർമ്മിക്കുന്നതിനായി കുടുംബശ്രീക്ക് നൽകിയത് | 30000 |
| 9 | 22000093/12.5.2020 | മാസ്ക് നിർമ്മിക്കുന്നതിനായി കുടുംബശ്രീക്ക് നൽകിയത് | 30000 |
| | ആകെ | | 567210 |

മുകളിൽ പറഞ്ഞ അഡ്വാൻസ് തുകകൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്ന് കാണുന്നു. അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 21/17.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. 4.10.2011-ലെ G.O (P) No.419/11/Fin. ഉത്തരവ് പ്രകാരം അഡ്വാൻസുകൾ 3 മാസത്തിനകം അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. മേൽപറഞ്ഞ കാലപരിധിയ്ക്കകം തീർപ്പാക്കാത്ത പക്ഷം അഡ്വാൻസായി കൈപ്പറ്റിയ മുഴവൻ തുകയും 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. ഖണ്ഡികയിൽ സൂചിപ്പിച്ച അഡ്വാൻസുകൾ അവ അനുവദിച്ച് 3 മാസത്തിനകം തീർപ്പാക്കിയിട്ടില്ലെങ്കിൽ മുഴവൻ തുകയും 18% പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അഡ്വാൻസുകൾ അനുവദിക്കുന്ന വിവരവും അവ അഡ്ജസ്റ്റ് ചെയ്യുന്ന വിവരവും അഡ്വാൻസ് രജസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

## 1-47 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല - 159598 രൂപ നഷ്ടം

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരലിന്റെ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | കരാറുകാരൻ | ട്രഷറി ബിൽ നമ്പർ/തീയതി | ചെലവ് തുക | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281/- (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 168/21 – ഓടഞ്ചിറ വടക്കുമുറി റെയിൽവേ അടിപ്പാത റോഡ് സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ് വാർഡ് 9 | ഷാജു.കെ.വി | 16/19.5.2020 | 359971 | 5.15 | 1447 |
| 2 | 213/21 – കാരാമ റോഡ് റീടാറിങ്ങ് | ഷാജു.കെ.വി | 61/2.2.2021 | 247962 | 6.86 | 1928 |
| 3 | 215/21 – പുലക്കാട്ടുകര മൈത്രി റോഡ് | ഷാജു.കെ.വി | 62/2.2.2021<br>73/5.3.2021 | 1003408 | 59.84 | 16815 |

| | | | | | | |
|---|---|---|---|---|---|---|
| | റീടാറിങ്ങ് | | | | | |
| 4 | 222/21 – പുലക്കാട്ടുകര സെക്കന്റ് കോളനി റോഡ് റീടാറിങ്ങ് | ഷാജു.കെ.വി | 55/11.1.2021 | 448321 | 22.9 | 6435 |
| 5 | 31/21 – പുലക്കാട്ടുകര തലവണിക്കര കാരാമ സബ് റോഡ് റീടാറിങ്ങ് | ഷാജു.കെ.വി | 56/20.1.2021 | 142022 | 8.03 | 2256 |
| 6 | 85/21 – നവജ്യോതി ചക്കംകുളങ്ങര അമ്പലം റോഡ് റീടാറിങ്ങ് വാർഡ് 1 | പൌലോസ് | 51/31.1.2021 | 88089 | 4.92 | 1383 |
| 7 | 195/21 – തലോർ പള്ളി വടക്കമ്മുറി റോഡ് | പൌലോസ് | 50/31.1.2021 | 422498 | 23.17 | 6511 |
| 8 | 186/21 – അമ്പലക്കടവ് റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 66/5.3.2021 | 619021 | 14.37 | 4038 |
| 9 | 187/21 – ലളിതകലാസമിതി റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 64/6.3.2021 | 292325 | 14.84 | 4170 |
| 10 | 166/21 – ദാദാ കമ്പനി ബ്രിഡ്ജ് റോഡ് ടാറിങ്ങ് മെറ്റലിങ്ങ് കൾവർട്ട് നിർമ്മാണം | രമേഷ്.എൻ.വി | 37/27.11.2020 | 360000 | 6.65 | 1869 |
| 11 | 170/21 – ഓടൻചിറ റഗുലേറ്റർ റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 4/21.4.2020 | 252693 | 12.19 | 3425 |
| 12 | 171/21 – പാഴായി ആർ കെ എൽ പി സ്കൂൾ റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 10/21.4.2020 | 94272 | 5.12 | 1439 |
| 13 | 194/21 – ചെറുവാൾ ഗ്രൌണ്ട് റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 21/15.7.2020 | 133130 | 6.89 | 1936 |
| 14 | 172/21 – പാലക്കടവ് എസ് സി കോളനി റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 3/21.4.2020 | 186220 | 10.07 | 2830 |
| 15 | 176/21 – പാഴായി റെയിൽവേ അടിപ്പാത റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 2/21.4.2020 | 97727 | 5.39 | 1515 |

| | | | | | | |
|---|---|---|---|---|---|---|
| 16 | 211/21 – വടക്കേപ്പള്ളം റോഡ് റീടാറിങ്ങും ഫില്ലിങ്ങും | രമേഷ്.എൻ.വി | 65/5.3.2021 | 291476 | 5.23 | 1470 |
| 17 | 217/21 – ചെറുവാൾ ബണ്ട് റോഡ് അമ്പലക്കടവ് എസ് സി കോളനി റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 87/20.3.2021 | 576270 | 29.25 | 8219 |
| 18 | 261/21 – പാഴായി ഓടഞ്ചിറ ഷട്ടർ റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 90/25.3.2021 | 218399 | 29.69 | 8343 |
| 19 | 18/21 – ലളിതകലാ സമിതി റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 70/5.3.2021 | 332283 | 18.89 | 5308 |
| 20 | 33/21 – ശ്രീബുദ്ധ റെയിൽ റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 69/5.3.2021 | 171574 | 9.87 | 2773 |
| 21 | 164/21 മരിയ ബ്ലോക്ക് കിണർ റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 9/21.4.2020 | 123788 | 7 | 1967 |
| 22 | 180/21 – ചിറ്റിശ്ശേരി കുന്നംപുറം റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 8/21.4.2020 | 292020 | 15.9 | 4468 |
| 23 | 212/21 – പോത്തോട്ടപ്പറമ്പ് റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 75/5.3.2021 | 544088 | 27.9 | 7840 |
| 24 | 22/21 – തലോർ വടക്കുമുറി റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 84/13.3.2021 | 611705 | 22.7 | 6379 |
| 25 | 23/21 – കിഴക്കുമുറി അമ്പലം റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 78/5.3.2021 | 73425 | 4.1 | 1152 |
| 26 | 26/21 – ഗ്രാമീണ വായനശാല അമ്പലം റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 82/13.3.2021 | 141030 | 6.4 | 1798 |
| 27 | 44/21- കുറ്റക്കാരൻ റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 81/13.3.2021 | 284791 | 6.7 | 1883 |
| 28 | 161/21 – മാത്തുപുരം കടവ് റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 5/21.4.2020 | 124839 | 6.96 | 1956 |
| 29 | 188/21 – കുന്നിശ്ശേരി കാട്ടുക്കഴി റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 19/10.6.2020 | 203071 | 11.07 | 3110 |
| 30 | 167/21 – പുല്ലോക്കാൻ വഴി | ജെസ്റ്റിൻ.കെ.പി | 7/21.4.2020 | 100733 | 32.73 | 9197 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് റീടാറിങ്ങ് | | | | | |
| 31 | 189/21 – നെന്മണിക്കര പാഴായി റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 58/2.2.2021 | 199429 | 10.82 | 3040 |
| 32 | 190/21 – നെന്മണിക്കര റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 79/5.3.2021 | 594247 | 21.7 | 6098 |
| 33 | 191/21 – തെക്കേപ്പള്ളം റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 60/2.2.021 | 237938 | 13.04 | 3664 |
| 34 | 55/21 – നെന്മണിക്കര കിഴക്കെ ബ്രാഞ്ച് റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 57/2.2.2021 | 65182 | 3.72 | 1045 |
| 35 | 192/21 – എംകെഎംയുപി സ്കൂൾ റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 59/2.2.2021 | 87751 | 4.81 | 1352 |
| 36 | 193/21 – എസ്എൻഡിപി റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 71/5.3.2021 | 325969 | 17.47 | 4909 |
| 37 | 197/21 – ചക്കംകുളങ്ങര പനയംപാടം റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 18/10.6.2020 | 247594 | 13.38 | 3760 |
| 38 | 210/21 – സ്മരണ സെന്റ് വിൻസന്റ് റോഡ് വാർഡ് 15 | ജെസ്റ്റിൻ.കെ.പി | 88/22.3.2021 | 164551 | 35.33 | 9928 |
| 39 | 224/21 – നെന്മണിക്കര എസ് സി കോളനി റോഡ് | ജെസ്റ്റിൻ.കെ.പി | 80/6.3.2021 | 164660 | 6.91 | 1942 |
| ആകെ | | | | | | 159598 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/16.6.2022-ന് നൽകിയ മറുപടിയിൽ കരാറുകാർക്ക് ടാറിന് അധിക നിരക്ക് നിലവിൽ നൽകുന്നില്ല എന്നും അധികനിരക്ക് നൽകുമ്പോൾ മാത്രമേ കാലി ബാരൽ വില ഈടാക്കാനാകൂ എന്നുമാണ് അസി.എഞ്ചിനീയർ മറുപടി നൽകിയത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മുകളിൽ പറഞ്ഞ പ്രകാരം 159598 രൂപ കാലി ബാരൽ വില ഇനത്തിൽ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-48 ഇന്റേൺ ട്രെയിനിക്ക് വേതനം നൽകൽ - പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളം നല്കി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 97/21 പ്രകാരം ഇന്റേൺ ട്രെയിനിക്ക് വേതനം നൽകൽ എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 100000 രൂപ വകയിരുത്തുകയും താഴ പറയുംപ്രകാരം 100000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| മാസം | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|
| 4/2020 | 2337107/15.6.2020 | 10000 |
| 5/2020 | 2337107/15.6.2020 | 10000 |
| 6/2020 | 2337109/17.7.2020 | 10000 |
| 7/2020 | 2845153/13.8.2020 | 10000 |
| 8/2020 | 2845154/7.9.2020 | 10000 |
| 9/2020 | 2835791/3.11.2020 | 10000 |

| | | |
|---|---|---|
| 10/2020 | 2835793/10.11.2020 | 10000 |
| 11/2020 | 2835794/3.12.2020 | 10000 |
| 12/2020 | 2835798/5.1.2021 | 10000 |
| 1/2021 | 0486981/2.2.2021 | 10000 |
| ആകെ | | 100000 |

ജെസ്സ ജോയ് എന്നയാൾക്ക് ശമ്പളം നൽകുന്നതിനാണ് മേൽപ്രകാരം തുക ചെലവഴിച്ചത്. പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി കാലയളവിൽ പ്രാബല്യത്തിലുള്ള സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.22/2018/തസ്വഭവ. തീയതി 14.2.2018 ഖണ്ഡിക 8.10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല.

ഈ നിബന്ധനയിൽ നിന്നും ചില തസ്തികകൾ ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഇന്റേൺ ട്രെയിനി അതിൽ ഉൾപ്പെട്ടിട്ടില്ല.

2. മേൽപറഞ്ഞ ജെസ്സ ജോയ് എന്നയാളുടെ യോഗ്യത, നിയമിച്ചതിന് ആധാരമായ ഉത്തരവ്, നിയമനം സംബന്ധിച്ച മറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. 19.5.2020-ലെ 2/6 നമ്പർ തീരുമാനപ്രകാരം കോവിഡ് ലോക്ക്ഡൌൺ കാലയളവിൽ ഹാജരായ ദിവസത്തിന് ആനുപാതികമായി വേതനം നൽകിയാൽ മതിയെന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചതായി കാണുന്നു. എന്നാൽ 2020 ഏപ്രിൽ, മേയ് മാസങ്ങളിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഹാജരായതായി കാണിച്ച് മുഴുവൻ ശമ്പളവും നൽകിയിട്ടുണ്ട്.

4. ടിയാളുടെ 4/2020, 5/2020 എന്നീ മാസങ്ങളിലെ മസ്റ്റർ റോൾ മാത്രമാണ് ഫയലിൽ ഉള്ളത്. മറ്റുള്ള മാസങ്ങളിലെ മസ്റ്റർ റോൾ ഹാജരാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 19/17.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വിശദമായ മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-49 പൊതുമരാമത്ത് പണികളുടെ നടത്തിപ്പിലെ അപാകതകൾ

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14 /തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

നെന്മണിക്കര ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തന കലണ്ടർ – കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ — കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ 2019-20, 2020-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപ് നിലവിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ ഡിസ്പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17(3) പ്രകാരം, പൊതുമരാമത്ത് പണിയുടെ ഡിസ്പ്ലേ ബോർഡുകൾ പണിസ്ഥലത്ത് പ്രദർശിപ്പിക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം

പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ.ഉ(കൈ) നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 6/15.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1) എഗ്രിമെന്റിനോടൊപ്പം പ്രവർത്തന കലണ്ടർ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണ്.

2) പുതുക്കിയ മാനവൽ പ്രകാരം പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ കരാറുകളിൽ ചേർക്കുന്നതാണ്.

3) പഞ്ചായത്തിന്റെ ആസ്തിയിലുള്ള കെട്ടിട/റോഡ് അറ്റകുറ്റപ്പണികൾ എല്ലാ വർഷവും നടക്കുന്നതിനാൽ അത്തരം പ്രവർത്തികളിൽ ഡിസ്പ്ലേ ബോർഡുകൾ വയ്ക്കുക പ്രാവർത്തികമല്ല. ഒരു സാമ്പത്തിക വർഷത്തിൽ തന്നെ 70-ഓളം പദ്ധതികൾ ഉള്ളതിനാൽ ഓരോ പദ്ധതിയിലും ഡിസ്പ്ലേ ബോർഡിനുള്ള തുക മാറ്റി വച്ചാൽ നിർമ്മാണത്തിനായി നീക്കി വച്ച തുകയിൽ കുറവ് വരും. പൂർണ്ണമായി ഒരു റോഡ് പ്രവൃത്തി ചെയ്യുമ്പോൾ ഡിസ്പ്ലേ ബോർഡുകൾ വയ്ക്കാൻ ശ്രദ്ധിക്കുന്നതാണ്.

ഡിസ്പ്ലേ ബോർഡുകൾ സംബന്ധിച്ച് നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5, 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17(3) എന്നിവ പ്രകാരം ഡിസ്പ്ലേ ബോർഡുകൾ പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല - 159598 രൂപ നഷ്ടം

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരലിന്റെ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ | ട്രഷറി ബിൽ നമ്പർ/തീയതി | ചെലവ് തുക | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281/- (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 168/21 – ഓടഞ്ചിറ വടക്കുമുറി റെയിൽവേ അടിപ്പാത റോഡ് സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ് വാർഡ് 9 | ഷാജു.കെ.വി | 16/19.5.2020 | 359971 | 5.15 | 1447 |
| 2 | 213/21 – കാരാമ റോഡ് റീടാറിങ്ങ് | ഷാജു.കെ.വി | 61/2.2.2021 | 247962 | 6.86 | 1928 |
| 3 | 215/21 – പുലക്കാട്ടുകര മൈത്രി റോഡ് റീടാറിങ്ങ് | ഷാജു.കെ.വി | 62/2.2.2021<br>73/5.3.2021 | 1003408 | 59.84 | 16815 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 222/21 – പുലക്കാട്ടുകര സെക്കന്റ് കോളനി റോഡ് റീടാറിങ്ങ് | ഷാജു.കെ.വി | 55/11.1.2021 | 448321 | 22.9 | 6435 |
| 5 | 31/21 – പുലക്കാട്ടുകര തലവണിക്കര കാരാമ സബ് റോഡ് റീടാറിങ്ങ് | ഷാജു.കെ.വി | 56/20.1.2021 | 142022 | 8.03 | 2256 |
| 6 | 85/21 – നവജ്യോതി ചക്കംകുളങ്ങര അമ്പലം റോഡ് റീടാറിങ്ങ് വാർഡ് 1 | പൌലോസ് | 51/31.1.2021 | 88089 | 4.92 | 1383 |
| 7 | 195/21 – തലോർ പള്ളി വടക്കമ്മുറി റോഡ് | പൌലോസ് | 50/31.1.2021 | 422498 | 23.17 | 6511 |
| 8 | 186/21 – അമ്പലക്കടവ് റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 66/5.3.2021 | 619021 | 14.37 | 4038 |
| 9 | 187/21 – ലളിതകലാസമിതി റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 64/6.3.2021 | 292325 | 14.84 | 4170 |
| 10 | 166/21 – ദാദാ കമ്പനി ബ്രിഡ്ജ് റോഡ് ടാറിങ്ങ് മെറ്റലിങ്ങ് കൾവർട്ട് നിർമ്മാണം | രമേഷ്.എൻ.വി | 37/27.11.2020 | 360000 | 6.65 | 1869 |
| 11 | 170/21 – ഓടൻചിറ റഗുലേറ്റർ റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 4/21.4.2020 | 252693 | 12.19 | 3425 |
| 12 | 171/21 – പാഴായി ആർ കെ എൽ പി സ്കൂൾ റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 10/21.4.2020 | 94272 | 5.12 | 1439 |
| 13 | 194/21 – ചെറുവാൾ ഗ്രൌണ്ട് റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 21/15.7.2020 | 133130 | 6.89 | 1936 |
| 14 | 172/21 – പാലക്കടവ് എസ് സി കോളനി റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 3/21.4.2020 | 186220 | 10.07 | 2830 |
| 15 | 176/21 – പാഴായി റെയിൽവേ അടിപ്പാത റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 2/21.4.2020 | 97727 | 5.39 | 1515 |
| 16 | 211/21 – വടക്കേപ്പള്ളം | രമേഷ്.എൻ.വി | 65/5.3.2021 | 291476 | 5.23 | 1470 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് റീടാറിങ്ങും ഫില്ലിങ്ങും | | | | | |
| 17 | 217/21 – ചെറുവാൾ ബണ്ട് റോഡ് അമ്പലക്കടവ് എസ് സി കോളനി റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 87/20.3.2021 | 576270 | 29.25 | 8219 |
| 18 | 261/21 – പാഴായി ഓടഞ്ചിറ ഷട്ടർ റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 90/25.3.2021 | 218399 | 29.69 | 8343 |
| 19 | 18/21 – ലളിതകലാ സമിതി റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 70/5.3.2021 | 332283 | 18.89 | 5308 |
| 20 | 33/21 – ശ്രീബുദ്ധ റെയിൽ റോഡ് റീടാറിങ്ങ് | രമേഷ്.എൻ.വി | 69/5.3.2021 | 171574 | 9.87 | 2773 |
| 21 | 164/21 മരിയ ബ്ലോക്ക് കിണർ റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 9/21.4.2020 | 123788 | 7 | 1967 |
| 22 | 180/21 – ചിറ്റിശ്ശേരി കന്നാംപുറം റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 8/21.4.2020 | 292020 | 15.9 | 4468 |
| 23 | 212/21 – പോത്തോട്ടപ്പറമ്പ് റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 75/5.3.2021 | 544088 | 27.9 | 7840 |
| 24 | 22/21 – തലോർ വടക്കുമുറി റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 84/13.3.2021 | 611705 | 22.7 | 6379 |
| 25 | 23/21 – കിഴക്കുമുറി അമ്പലം റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 78/5.3.2021 | 73425 | 4.1 | 1152 |
| 26 | 26/21 – ഗ്രാമീണ വായനശാല അമ്പലം റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 82/13.3.2021 | 141030 | 6.4 | 1798 |
| 27 | 44/21- കുറ്റക്കാരൻ റോഡ് റീടാറിങ്ങ് | അജയകുമാർ.വി.വി | 81/13.3.2021 | 284791 | 6.7 | 1883 |
| 28 | 161/21 – മാത്തുപുരം കടവ് റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 5/21.4.2020 | 124839 | 6.96 | 1956 |
| 29 | 188/21 – കന്നിശ്ശേരി കാട്ടുക്കഴി റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 19/10.6.2020 | 203071 | 11.07 | 3110 |
| 30 | 167/21 – പുല്ലോക്കാൻ വഴി റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 7/21.4.2020 | 100733 | 32.73 | 9197 |

| | | | | | | |
|---|---|---|---|---|---|---|
| 31 | 189/21 – നെന്മണിക്കര പാഴായി റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 58/2.2.2021 | 199429 | 10.82 | 3040 |
| 32 | 190/21 – നെന്മണിക്കര റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 79/5.3.2021 | 594247 | 21.7 | 6098 |
| 33 | 191/21 – തെക്കേപ്പള്ളം റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 60/2.2.021 | 237938 | 13.04 | 3664 |
| 34 | 55/21 – നെന്മണിക്കര കിഴക്കെ ബ്രാഞ്ച് റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 57/2.2.2021 | 65182 | 3.72 | 1045 |
| 35 | 192/21 – എംകെഎംയുപി സ്കൂൾ റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 59/2.2.2021 | 87751 | 4.81 | 1352 |
| 36 | 193/21 – എസ്എൻഡിപി റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 71/5.3.2021 | 325969 | 17.47 | 4909 |
| 37 | 197/21 – ചക്കംകുളങ്ങര പനയംപാടം റോഡ് റീടാറിങ്ങ് | ജെസ്റ്റിൻ.കെ.പി | 18/10.6.2020 | 247594 | 13.38 | 3760 |
| 38 | 210/21 – സ്മരണ സെന്റ് വിൻസന്റ് റോഡ് വാർഡ് 15 | ജെസ്റ്റിൻ.കെ.പി | 88/22.3.2021 | 164551 | 35.33 | 9928 |
| 39 | 224/21 – നെന്മണിക്കര എസ് സി കോളനി റോഡ് | ജെസ്റ്റിൻ.കെ.പി | 80/6.3.2021 | 164660 | 6.91 | 1942 |
| ആകെ | | | | | | 159598 |

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/16.6.2022-ന് നൽകിയ മറുപടിയിൽ കരാറുകാർക്ക് ടാറിന് അധികനിരക്ക് നിലവിൽ നൽകുന്നില്ല എന്നും അധികനിരക്ക് നൽകുമ്പോൾ മാത്രമേ കാലി ബാരൽ വില ഈടാക്കാനാകൂ എന്നുമാണ് അസി.എഞ്ചിനീയർ മറുപടി നൽകിയത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മുകളിൽ പറഞ്ഞ പ്രകാരം 159598 രൂപ കാലി ബാരൽ വില ഇനത്തിൽ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 84000 | സമഗ്ര നെൽ കൃഷി വികസനം | 84000 | 0 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 20000 | റിവോൾവിങ്ങ് ഫണ്ട് കൈമാറൽ | 20000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 199978 | അംഗൻവാടി അനുപൂരകപോഷകാഹാര പരിപാടി | 199978 | 0 |
| | | 100000 | വയോജനങ്ങൾക്ക് കട്ടിൽ | 100000 | 0 |
| | | 159700 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ | 159700 | 0 |
| | | 139815 | സാന്ത്വന പരിചരണം | 139815 | 0 |
| | | 280111 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 280111 | 0 |
| | | 1200000 | നിർമ്മാണവും അനുബന്ധ സൌകര്യങ്ങളും ഏർപ്പെടുത്തൽ | 1200000 | 0 |
| | | 253500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് വാർഷിക ബത്ത | 253500 | 0 |
| | | 256471 | മണലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രോജക്ട്- ജലപ്രയാണം 2020 | 256471 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ | നൽകിയ തുക | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കെഎസ്ഇബി | ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22001187 | 55721 | 55721 | 0 |
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 22001197 | 221408 | 221408 | 0 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള കണക്ഷൻ ദീർഘിപ്പിക്കൽ | 22001340 | 400000 | 400000 | 0 |
| ഭൂജലവകുപ്പ് | വിവിധ അംഗൻവാടികളിലേക്ക് കുഴൽ കിണർ കുഴിക്കൽ | 22001209 22001140 | 157740 | 157740 | 0 |
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 22000758 22000757 | 280111 | 280111 | 0 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള കണക്ഷൻ ദീർഘിപ്പിക്കൽ | 22000401 | 96000 | 42513 | 42513 |
| കെഎസ്ഇബി | വിവിധ എസ് സി കോളനികളിലേക്ക് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 22000759 | 199326 | 199326 | 0 |
| ഭൂജല വകുപ്പ് | തണൽ കോംപ്ലക്സിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് | 22001208 22001141 | 54935 | 54935 | 0 |
| കേരള വാട്ടർ അതോറിറ്റി | ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതി നടപ്പിലാക്കൽ | 22001199 | 150000 | 150000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് മിഷൻ ഹഡ്കോ വായ്പ | | 286000 | 2595294 (മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക 2565882 രൂപയാണ്. വ്യത്യാസം പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്) | 263294 | 2332000 (സ്ഥാപനം ലഭ്യമാക്കിയ വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റ് പ്രകാരം 3113328 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നു) |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3.2.10.1 | ലഭ്യമല്ല | - | തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥരായ കമ്പനികളുടേയും വ്യക്തകളുടേയും വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തത് | 29.6.2017-ന് നടന്ന നിയമസഭാ സമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട് |
| 2005-06 | 3.2.10.6 | ലഭ്യമല്ല | - | കൃഷിക്കാർക്ക് നികുതി ചുമത്താത്തത് | 29.6.2017-ന് നടന്ന നിയമസഭാ സമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട് |
| 2005-06 | 3.2.10.7 | ലഭ്യമല്ല | - | കരാറുകാർക്ക് നികുതി ചുമത്താത്തത് | 29.6.2017-ന് നടന്ന നിയമസഭാ സമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട് |
| 2005-06 | 3.2.10.8 | ലഭ്യമല്ല | - | വാഹന ഉടമകൾക്ക് നികുതി ചുമത്താത്തത് | 29.6.2017-ന് നടന്ന നിയമസഭാ സമിതി സിറ്റിംഗിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | പങ്കെടുത്തിട്ടുണ്ട് |
| 2005-06 | 3.2.10.9 | ലഭ്യമല്ല | - | നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തിന് നികുതി ചുമത്താത്തത് | 29.6.2017-ന് നടന്ന നിയമസഭാ സമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട് |
| 2005-06 | 3.2.12.2 | ലഭ്യമല്ല | - | അസസ്സ്മെന്റ് ബുക്കുകൾ സൂക്ഷിക്കാത്തത് | 29.6.2017-ന് നടന്ന നിയമസഭാ സമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട് |
| 2005-06 | 3.2.12.4 | ലഭ്യമല്ല | - | പിരിച്ച തുകകൾ ഡിമാന്റ് ആയി രേഖപ്പെടുത്തുന്നത് | 29.6.2017-ന് നടന്ന നിയമസഭാ സമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട് |
| 2005-06 | 3.2.12.5 | ലഭ്യമല്ല | - | ഡിസിബി പത്രിക സമയത്തിന് തയ്യാറാക്കാത്തത് | 29.6.2017-ന് നടന്ന നിയമസഭാ സമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട് |
| 2005-06 | 3.2.15.1 | ലഭ്യമല്ല | - | ആന്തരിക നിയന്ത്രണം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ പാലിക്കാത്തത് | 29.6.2017-ന് നടന്ന നിയമസഭാ സമിതി സിറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,29,19,943 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,21,27,383 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,59,598 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,85,816 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 159598 | ശ്രീമതി.സിന്ധു.എം, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-37 | 65560 | ശ്രീമതി.എം.വിജയലക്ഷ്മി, സെക്രട്ടറി |
| 1-39 | 100000 | ശ്രീമതി.എം.വിജയലക്ഷ്മി, സെക്രട്ടറി |
| 1-48 | 20256 | ശ്രീമതി.സിന്ധു.എം, അസി.എഞ്ചിനീയർ |
| ആകെ | 185816 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിന്ധു.എം, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നെന്മണിക്കര ഗ്രാമപഞ്ചായത്ത് | തറയിൽ ഹൌസ്, ചെമ്പൂത്തറ, പി ഒ പട്ടിക്കാട്, തൃശ്ശൂർ |
| ശ്രീമതി.എം.വിജയലക്ഷ്മി, സെക്രട്ടറി | സെക്രട്ടറി, നെന്മണിക്കര ഗ്രാമപഞ്ചായത്ത് | കിഴിയേടത്ത് ഹൌസ്, പി.ഒ.തൃക്കൂർ, തൃശ്ശൂർ. |

## 4-10 തീർപ്പാക്കൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1984-85 | എൽ.എഫ് നം.പി6-2121/13 തിയതി 05/08/2014 ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കിയ വിവരങ്ങൾ | 1 | തീർപ്പാക്കുന്നതിന് മറുപടി തയ്യാറാക്കി വരുന്നു. |
| 1988-89, 89-90 | “ | 1 | “ |
| 1991-92 | “ | 3 | “ |
| 1992-93, 93-94 | “ | 4 | “ |
| 1996-97 | “ | 1 | “ |
| 1997-98 | “ | 1 | “ |
| 1998-99 | “ | 4 | “ |
| 1999-2000 | “ | 2 | “ |
| 2000-2001 | “ | 1 | “ |
| 2001-2002 | “ | 5 | “ |
| 2001-2002 (NP) | “ | 1 | “ |
| 2002-03 | “ | 5 | “ |
| 2003-04 | “ | 8 | “ |
| 2004-05 | “ | 5 | “ |
| 2005-06 | “ | 3 | “ |
| 2006-07 | | 9 | “ |
| 2007-08 | | 6 | ഓഡിറ്റ് അദാലത്തിൽ സമർപ്പിക്കുന്നതിന് മറുപടി |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി യിട്ടുണ്ട്. |
| 2008-09 | | 4 | “ |
| 2009-10 | | 2 | “ |
| 2010-11 | | 9 | “ |
| 2011-12 | | 14 | “ |
| 2012-13 | എൽ.എഫ്.ടി 6-316/15<br>തീ. 06-04-2015 | 10 | “ |
| 2013-14 | കെ.എസ്.ടി.എസ്.ആർ (പി6) 187/15<br>തീ. 22/2/2016 | 14 | “ |
| 2014-15 | കെ.എസ്.ടി.എസ്.ആർ (പി6) 941/16<br>തീ. 26-05-2017 | 12 | “ |
| 2015-16 | കെ.എസ്.ടി.എസ്.ആർ (പി6) 1908/16<br>തീ. 03-04-18 | 5 | “ |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി6) 1521/2017<br>തീ. 19/12/2018 | 14 | “ |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി6) 446/19,<br>തീ.12.06.19 | 18 | “ |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി9)1728/2019<br>തീയതി:12/03/2020 | 10 | - |
| 2019-20 | കെ എസ് എ ടി എസ് ആർ (പി9)843/21<br>തീയതി :02/07/2021 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്